# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 1381 — 13.07.2016 ൽ മറുപടിയ്ക്ക്

### വിചാരണ തടവുകാരായ ആദിവാസി- പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ജാമ്യം

| ചോദ്യം<br>ശ്രീ. എ.എം. ആരിഫ് | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ വിവിധ കേസുകളിൽ വിചാരണ തടവുകാരായി ക്കഴിയുന്ന ആദിവാസി-പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ജാമ്യം ലഭ്യമാകാത്തതിനാൽ മോചിതരാകാൻ കഴിയാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | നിയമ സഹായം ലഭിക്കാത്തതിനാലും നിയമനിരക്ഷരതയും കാരണമാണ് ഇവർ തടവറക്കുള്ളിൽ കഴിയുന്നതെന്ന വിവരം ഗൗരവമായിക്കാണുമോ ; | (ബി) | ജയിലുകളിൽ കഴിഞ്ഞുവരുന്ന അന്തേവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിന് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സഹായത്തോടെ ലീഗൽ എയ്ഡ് ക്ലിനിക്ക് പ്രവർത്തിച്ചുവരുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് മൂലം സ്വന്തമായി വക്കീലിനെ നിയോഗിക്കാൻ സാധിക്കാത്തവർക്കും നിയമ നിരക്ഷരരായ തടവുകാർക്കും സൗജന്യമായി കേസ് നടത്തുന്നതിന് ലീഗൽ സർവ്വീസസ് അതോറിറ്റി ആവശ്യമായ നിയമ സഹായം നൽകി വരുന്നു. |
| (സി) | വിചാരണ തടവുകാരെ സംബന്ധിച്ച വിശദ വിവരങ്ങൾ ശേഖരിക്കുന്നതിനും, അനന്തര നടപടികൾ കൈക്കൊള്ളുവാനും തയ്യാറാകുമോ ? | (സി) | വിചാരണ തടവുകാരെ സംബന്ധിക്കുന്ന വിവരങ്ങൾ ജയിൽ സ്ഥാപനങ്ങളിലെ ചട്ടപ്രകാരമുള്ള രജിസ്റ്ററുകളിലും കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സിസ്റ്റത്തിലും സൂക്ഷിക്കുന്നുണ്ട്. ആറു മാസത്തിൽ കൂടുതൽ വിചാരണ കൂടാതെ റിമാന്റിൽ കഴിയുന്ന തടവുകാരുടെ കേസുകൾ ജില്ലാ ജഡ്ജിയുടെ അദ്ധ്യക്ഷതയിലുള്ള ഡിസ്ട്രിക് ലെവൽ കമ്മിറ്റി പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേസുകൾ വേഗത്തിൽ തീർപ്പ കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ